ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൂവാലശല്യം ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ആലോചിച്ചു തീരുമാനിക്കുന്നതാണ്.

പെൺവാണിഭക്കേസ് അന്വേഷണ പുരോഗതി

98 [53] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര പെൺവാണിഭക്കേസുകളിലാണ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്വേഷണം നടത്തുന്ന കേസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ കേസിന്റേയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഓരോ കേന്നിലും ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 12 കേസുകളിൽ അന്വേഷണം നടത്തുന്നു. കൂടാതെ കിളിരൂർ പെൺവാണിഭക്കേസ് സി. ബി. ഐ. അന്വേഷിച്ചുവരുന്നു.

(ബി) 1. മെഡിക്കൽ കോളേജ് പി. എസ്. ക്രൈം 364/2005
2. നെടുമങ്ങാട് പി. എസ്. ക്രൈം 186/2003
3. കൊട്ടിയം പി. എസ്. ക്രൈം 197/2004
4. പരവൂർ പി. എസ്. ക്രൈം 364/2004
5. ഗുരുവായൂർ പി. എസ്. ക്രൈം 334/2004
6. നടക്കാവ് പി. എസ്. ക്രൈം 420/2002
7. നടക്കാവ് പി. എസ്. ക്രൈം 486/2002
8. കോഴിക്കോട് വനിതാ പി. എസ്. ക്രൈം 29/2002
9. കോഴിക്കോട് വനിതാ പി. എസ്. ക്രൈം 18/2003
10. എടക്കര പി. എസ്. ക്രൈം 217/2004
11. കണ്ണൂർ പി. എസ്. ക്രൈം 136/2005
12. കാസർഗോഡ് പി. എസ്. ക്രൈം 441/2005

LIBRARY ARCHIVES Kerala Legislative Assembly

(സി) 8 കേസുകളിൻമേൽ പ്രതികളെ അറസ്റ്റു ചെയ്യാനും കൂടുതൽ പ്രതികളെ തിരിച്ചറിഞ്ഞും അറസ്റ്റു ചെയ്യുവാനും ബാക്കിയുണ്ട്. നാലു കേസുകളിൻമേൽ കൂടുതൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്.

(ഡി) 51 കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

പെൺവാണിഭ കേസുകളുടെ വിചാരണ

99 [54] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നുശേഷം 2005 മേയ് 31 വരെയുള്ള കാലയളവിൽ എത്ര പെൺവാണിഭക്കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്;

(ഇ) എത്ര കേസുകൾ ഇപ്പോഴും വിവിധ കോടതികളിലായി വിചാരണ തുടരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) 52 കേസുകൾ.

(ബി) 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 52 കേസുകളിലായി 299 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) പ്രതികളെ ശിക്ഷിച്ചിട്ടില്ല.

(ഇ) 38 കേസുകൾ.

പെൺവാണിഭക്കേസ് അന്വേഷണത്തിന് പ്രത്യേക പോലീസ് സംവിധാനം

100 [55] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly